മി. സ്പീക്കർ: റൂൾ 50 പ്രകാരം ഒരു നോട്ടീസ് കിട്ടിയിട്ടുണ്ട്. അതിനെ സംബന്ധിച്ച് ചെയർ ഒരു അഭിപ്രായപ്രകടനം നടത്താൻ ഉദ്ദേശിക്കുകയാണ്. ബഹുമാനപ്പെട്ട അംഗത്തിന് ഉദ്ദേശിക്കുന്ന വിഷയം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനുള്ള എല്ലാ അവകാശവുമുണ്ട്, അത് അനുവദിക്കാവുന്നതുമാണ്. എന്നാൽ അത് ചട്ടം 50 പ്രകാരം ശരിയാകുമെന്ന് തോന്നുന്നില്ല. 2016 ജൂണിൽ സമർപ്പിച്ച റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് അദ്ദേഹം അടിയന്തരപ്രമേയമായി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇത് ഒന്നാമത്തെ സബ്മിഷനായി അനുവദിക്കാം. അദ്ദേഹം ഉദ്ദേശിച്ച കാര്യങ്ങൾ സഭയുടെ മുൻപാകെ കൊണ്ടുവരാം. ദയവായി അതിനോട് സഹകരിക്കണം. ( ...........ബഹളം.........)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സംഭവത്തിൽ അടിയന്തരമായ ഉത്തരവിറക്കിയിട്ടുള്ളത് ഈയടുത്ത കാലത്താണ്. അതിന് പണം കൊടുക്കാൻ പോകുന്ന, അതിനുള്ള ഉത്തരവിറങ്ങിയിട്ടുണ്ട് എന്നതാണ് അടിയന്തര സാഹചര്യം. ഇവിടെ വൻതോതിൽ റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കുവേണ്ടിയുള്ള ഭൂമി ഇടപാടായി സംശയിക്കപ്പെടുകയാണ്.

അതുകൊണ്ട് ഇത് ചർച്ചയ്ക്ക് എടുത്തേ മതിയാകൂ; റൂൾ 50 ഞങ്ങളുടെ അവകാശമാണ്. ഇത് recent occurrence തന്നെയാണ്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥാപിച്ചത് 2016-ലാണ്. അത് ശരിയാണ്. അതിന് ഭൂമി എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യം നടക്കുന്നത് ഇപ്പോഴാണ്. It is relevant, so kindly allow us to moving it. ഇതൊരു ഓൺഗോയിംഗ് പ്രോസസ്സിന്റെ അവസാനഘട്ടം എത്തി നിൽക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഇത് recent occurrence തന്നെയാണ്. റൂൾ 50-ൽ തന്നെ വരുന്ന കാര്യമാണിത്. അതുകൊണ്ട് അങ്ങ് ഇത് അനുവദിച്ചേ മതിയാകൂ. ഗവൺമെന്റിന് പറയാനുള്ളത് ഗവൺമെന്റിന് പറയാം. ഞങ്ങൾക്ക് പറയാനുള്ളത് ഞങ്ങൾക്ക് പറയണം. അങ്ങനെയൊരു പിടിവാശി അങ്ങ് എടുക്കരുത്. ഇത് ശരിയായ നടപടിയല്ല.

<u>മി. സ്പീക്കർ</u>: കഴിഞ്ഞ രണ്ടുദിവസമായി ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പല രൂപത്തിൽ ഈ സഭയിൽ ഉയർന്നുവന്നു. ഇത് വർഷങ്ങളായി ഘട്ടം ഘട്ടമായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. 2014-ലും 2015-ലും ആരംഭിച്ച ഒരു പ്രക്രിയയാണ്. 2016 ജൂണിൽ കൊടുത്ത ഒരു റിപ്പോർട്ടാണിത്. വളരെ അടിയന്തര പ്രാധാന്യത്തോടുകൂടി ചർച്ച

ചെയ്യേണ്ട വിഷയം അതിലില്ല. എന്നാൽ അദ്ദേഹത്തിന് ആ വിഷയം സഭയിൽ കൊണ്ടുവരാം; സബ്മിഷനായി അവതരിപ്പിക്കാം; അദ്ദേഹത്തിന് പറയാനുള്ളതെല്ലാം പറയാം; മന്ത്രി മറുപടി പറയും. ദയവായി അതിന് സഹകരിക്കണം. അടിയന്തരപ്രമേയത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് മനസ്സിലാക്കാത്ത ഒരു നിലപാട് സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. (......ബഹളം.....)

ശ്രീ. രമേശ് ചെന്നിത്തല: സർ, 03.06.2019-ലെ G.O(Rt).No. 892/2019 ഉത്തരവ് പ്രകാരം നെഗോസിയേഷൻ നടന്നത് ശരിയാണ്. 2016-ലാണ് മലയാളം സർവ്വകലാശാല രൂപീകരിക്കപ്പെട്ടത്. അതൊരു പ്രൈവറ്റ് ക്യാമ്പസിലെ വാടകക്കെട്ടിടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. 2019 ആറാം മാസമാണ് ഉത്തരവിറങ്ങുന്നത്. ആ ഉത്തരവ് അടിയന്തര പ്രാധ്യമുള്ളതാണ്. അവിടെയാണ് റിയൽ എസ്റ്റേറ്റ് മാഫിയയ്ക്കുവേണ്ട സഹായമുണ്ടാകുന്നത്. അത് ഇവിടെയല്ലാതെ ഞങ്ങൾ എവിടെയാണ് ഉന്നയിക്കേണ്ടത്? അങ്ങയുടെ നിലപാട് ശരിയല്ല. Recent ഉത്തരവാണിത്. ആ ഉത്തരവിനെയാണ് ചോദ്യം ചെയ്യുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ചെയറിന് ഈ

വിഷയം സഭയിൽ വരുന്നതിന് യാതൊരു തടസ്സവുമില്ല. അതിന് എല്ലാ അനുവാദവും നൽകാവുന്നതാണ്. ഇവിടെ വളരെ കാലങ്ങളായി നടന്നുവരുന്നതാണിത്. അല്ലാതെ ഒരു സുപ്രഭാതത്തിൽ ഒരു ഓർഡർ ഇറങ്ങിയതല്ല. ഇതേ വിഷയം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചയിൽ വളരെ വിശദമായി ഉന്നയിക്കപ്പെട്ടു; അതിന് മറുപടി പറഞ്ഞു. ഇതേ വിഷയം ചോദ്യോത്തരവേളയിൽ ഉന്നയിക്കപ്പെട്ടു; അതിന് മറുപടി പറഞ്ഞു. അതേ കാര്യം വീണ്ടും അടിയന്തരപ്രമേയമായി കൊണ്ടുവരുന്നതിൽ യുക്തിയില്ലെന്നാണ് പറയുന്നത്. നിങ്ങൾക്ക് സബ്മിഷനായി കൊണ്ടുവരാവുന്നതാണ്. ...പ്ലീസ്... സഹകരിക്കണം. ( .....ബഹളം....) എന്താണോ അദ്ദേഹത്തിന് പറയാനുള്ളത് അതെല്ലാം സബ്മിഷനിൽ ഉന്നയിക്കാം. അടിയന്തരപ്രമേയത്തിന്റെ ചട്ടത്തിന് വിരുദ്ധമായ ഒരു കാര്യം അനുവദിക്കാൻ ദയവായി സമ്മർദ്ദം ചെലുത്തരുത്. പ്ലീസ്...പ്ലീസ്... അനുസരിക്കുക. (.....ബഹളം....) സബ്മിഷനിൽ എന്ത് വേണമെങ്കിലും ഉന്നയിക്കാം. അഴിമതിയാരോപണം എഴുതി തന്നിട്ട് ഉന്നയിക്കാം. പ്ലീസ്... ദയവായി നിർബന്ധിക്കരുത്. ഇക്കാര്യത്തിൽ ചെയർ ഒരു നിലപാടെടുത്തു കഴിഞ്ഞു.

(പ്രതിപക്ഷാംഗങ്ങൾ ഡയസിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ ദയവായി സീറ്റിൽ പോയി ഇരിക്കൂ. (...ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയോടുള്ള എല്ലാ ബഹുമാനവും വച്ചുകൊണ്ട് ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അടിയന്തരപ്രമേയം പ്രതിപക്ഷത്തിന്റെ അവകാശമാണ്. Recent occurrence ആണ് ഞങ്ങൾ ഉന്നയിച്ചത്. 2016-ലാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല സ്ഥാപിച്ചത്. അതിന്റെ ക്യാമ്പസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രോസസ്സാണെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. What is the recent occurrence? 3-06-2019-ലാണ് ഇതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അന്തിമമായ തീരുമാനമെടുത്തതെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. (...ബഹളം...) ഞാൻ അതിന്റെ മെരിറ്റിലേക്ക് കടക്കുന്നില്ല. പക്ഷെ കോടിക്കണക്കിന് രൂപയുടെ കമ്മീഷൻ പറ്റിയെന്ന

ആരോപണം നിലനിൽക്കുകയാണ്. തന്നെയുമല്ല ഇത്രയും വലിയ തോതിൽ ഭൂമി ഏറ്റെടുത്തത് സംബന്ധിച്ചും ആക്ഷേപങ്ങൾ നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

മി.സ്പീക്കർ: ഇതെല്ലാം ഉന്നയിക്കാൻ അവസരം നൽകാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് recent occurrence അല്ലെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അത് ദൗർഭാഗ്യകരമായിപ്പോയി. അങ്ങയുടെ റൂളിംഗിനെ ഞാൻ ബഹുമാനിക്കുന്നു. പക്ഷെ അങ്ങിത് പരിശോധിക്കേണ്ടതായിരുന്നു. It is a recent occurrence. അടുത്തഘട്ടമായി രണ്ടുമൂന്ന് ദിവത്തിനുള്ളിൽ ഈ ഭൂമിക്ക് പണം നൽകാൻ പോകുകയാണ്. ഇതൊരു recent occurrence ആയതുകൊണ്ടും ഇതിന്റെ നിജസ്ഥിതി ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുള്ളതുകൊണ്ടുമാണ് ഞങ്ങൾ റൂൾ 50 ആയി ഇക്കാര്യം അനുവദിക്കണമെന്ന് അങ്ങയോട് ആവശ്യപ്പെട്ടത്. അങ്ങ് ഇത് അനുവദിക്കേണ്ടതായിരുന്നു.

മി. സ്പീക്കർ: സബ്മിഷനിൽ ആദ്യത്തെ സബ്മിഷനായി ഇത്

ഉന്നയിക്കാമെന്ന് ഞാൻ പറഞ്ഞല്ലോ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യം ഡിമാന്റ് ചർച്ചയിൽ ഉയർന്നുവന്നത് ശരിയാണ്. പക്ഷെ ഇത് അടിയന്തര പ്രാധാന്യമുള്ളതല്ലെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അങ്ങയുടെ തീരുമാനം reconsider ചെയ്യണം, ഞങ്ങളെ സഹായിക്കണം. ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കേണ്ട വിഷയമാണ് സഭയിൽ ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. അതുകൊണ്ട് ഇത് reconsider ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഇത് ഒന്നാമത്തെ സബ്മിഷനായി അവതരിപ്പിക്കാൻ അനുവാദം നൽകാവുന്നതാണ്. ദയവായി പ്രതിപക്ഷനേതാവ് സഹകരിക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)